# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/133/2018 2018 ജൂൺ 22

## പത്രക്കുറിപ്പ്

**പരീക്ഷാ തീയതി**

ഒന്നും രണ്ടും സെമസ്റ്റർ എം.എ., എം.എസ്.സി., എം.കോം. (2017 അഡ്മിഷൻ റഗുലർ) പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷകൾ ജൂലൈ 17ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ**

നാലാം സെമസ്റ്റർ ബി.ടി.എസ്. (സി.ബി.സി.എസ്.എസ്., 2016 അഡ്മിഷൻ റഗുലർ/2013 - 2015 അഡ്മിഷൻ റീ അപ്പിയറൻസ്) മാർച്ച് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 25, 26, 27, 28, 29 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് (യു.ജി.) സി.ബി.സി.എസ്.എസ്. (2016 അഡ്മിഷൻ റഗുലർ/2013 - 2015 അഡ്മിഷൻ റീ അപ്പിയറൻസ്) ഏപ്രിൽ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ജൂൺ 27, 28 തീയതികളിൽ വിവിധ കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ് (മെറ്റീരിയൽ സയൻസ്) പരീക്ഷയുടെ പ്രാക്ടിക്കലും വൈവാവോസിയും ജൂൺ 26, 27, 28 തീയതികളിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നടക്കും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**എം.എ. പ്രവേശനം**

2018-19 അക്കാദമിക വർഷത്തിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ സ്റ്റഡീസിലെ എം.എ. (വോക്കൽ, വീണ, വയലിൻ, മൃദംഗം, ഭരതനാട്യം, മോഹിനിയാട്ടം, കഥകളി വേഷം, കഥകളി സംഗീതം, ചെണ്ട, മദ്ദളം) കോഴ്സുകൾക്കുള്ള അപേക്ഷകൾ ജൂലൈ 10 വരെ സമർപ്പിക്കാം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2018 ഏപ്രിൽ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സോഷ്യൽ സയൻസ്-സി.എസ്.എസ്., റഗുലർ & ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ജൂൺ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. മാത്തമാറ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 5 വരെ അപേക്ഷിക്കാം.

**എൻ.എസ്.എസ്. പരിശീലന പരിപാടി**

'ക്ലീൻ കാമ്പസ് ഗ്രീൻ കാമ്പസ് എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള കോട്ടയം ജില്ലയിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർക്കുള്ള പരിശീലന പരിപാടി ജൂൺ 26ന് രാവിലെ 9.30ന് തെള്ളകം അടിച്ചിറ ആമോസ് സെന്ററിൽ വച്ച് നടത്തും.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**